ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.1807/ബി1-എസ്റ്റാ/2018/എൻ.സി.സി

24 ജൂലൈ 2018

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിനും/യൂണിറ്റിനും

സർ,

വിഷയം: സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 17 ജൂലൈ 2018-ൽ തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് നടന്ന യോഗത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഓഫീസുകളിൽ നടപ്പിലാക്കാനായി നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.

<u>നിർദ്ദേശങ്ങൾ</u>

1. കെട്ടിക്കിടക്കുന്ന ഫയലുകൾ കഴിയുന്നതും വേഗം സ്റ്റേഷനറി വകുപ്പുമായി ബന്ധപ്പെട്ട് അവർ ചുമതലപ്പെടുത്തിയിട്ടുള്ള കോൺട്രാക്ടർക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

2. വേസ്റ്റ് ഡിസ്പോസിലിനുള്ള ബിന്നുകൾ വയ്ക്കാനായി ഒരു ഷെഡ് ഉണ്ടാക്കേണ്ടതാണ്.

3. ഓഫീസുകൾ "ഡസ്റ്റ്ഫ്രീ" ആക്കുന്നതിന് ഓരോ വ്യക്തികളേയും ബോധവൽക്കരിക്കേണ്ടതാണ്.

4. വൈദ്യുതിയുടെയും വെള്ളത്തിന്റെയും ഉപയോഗം മിതപ്പെടുത്തുന്നതിലേക്ക് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബൾബുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റുകയും ഉപയോഗിച്ച് ഒഴുക്കികളയുന്ന വെള്ളം ഫലപ്രദമായി ഉപയോഗിക്കാൻ പൂന്തോട്ടങ്ങളോ കൃഷിയോ ചെയ്യണമെന്ന് നിർദ്ദേശിച്ചു.

എൻ.സി.സി വകുപ്പിലെ ഹരിത കേരളം നോഡൽ ഓഫീസർമാരായി അതാത് ഓഫീസുകളിലെ മേനേജർ/ജൂനിയർ സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഷാനി എസ്.ജെ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി